ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതുവരെ യാതൊരു നിർദ്ദേശവും കിട്ടിയിട്ടില്ല.

ഉപയോഗശൂന്യമായ ആശുപത്രി ഉപകരണങ്ങൾ

406. [591] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിൽ ഉപയോഗശൂന്യമായിത്തീരുന്ന കട്ടിൽ തുടങ്ങിയ ഉപകരണങ്ങൾ ലേലം ചെയ്തു വിൽക്കുവാൻ ഗവൺമെൻറിൻറിന്റെ അനുമതി തേടിക്കൊണ്ടുള്ള പ്രൊപ്പോസൽസ് അനിശ്ചിതമായി നീണ്ടു പോകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കര താലൂക്കാശുപത്രിയിലെ ഇത്തരം ഉപകരണങ്ങളുടെ കാര്യത്തിലുള്ള നിർദ്ദേശം എന്നാണ് ഡി. എച്ച്. എസ്. ഗവൺമെൻറിനയച്ചത് ;

(സി) ഗവൺമെൻറ് അനുമതി നൽകിയോ ;

(ഡി) ഇല്ലെങ്കിൽ ഇനിയെങ്കിലും കാലതാമസം ഒഴിവാക്കി അനുമതി നൽകുമോ ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ സത്വരമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 18-5-1985-ൽ.

(സി) അത്യാവശ്യമായ ചില വിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയിട്ടില്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) ആവശ്യമായ വിവരങ്ങൾ കിട്ടിക്കഴിഞ്ഞാലുടൻ അനുമതി നൽകുന്നതാണ്.

കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻറെ

ഭവന നിർമ്മാണ പദ്ധതി

407. [592] ശ്രീ. സി. കെ. തങ്കപ്പൻ :
,, കൊടിയേരി ബാലകൃഷ്ണൻ :
,, സി. പി. മൂസ്സാൻ കുട്ടി :
,, കെ. മൂസ്സക്കുട്ടി ;
,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻറെ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് 1984-85, 1985-86 എന്നീ വർഷങ്ങളിൽ എത്ര വീടുകൾ നിർമ്മിക്കാൻ വായ്പ നൽകി ;

(ബി) ഈ കാലയളവിൽ എത്ര വീടുകൾ നിർമ്മിച്ചു ;

(സി) ഒരു വർഷം എത്ര വീടുകൾ നിർമ്മിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ലക്ഷ്യം പൂർത്തീകരിക്കാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) 1984-85-ൽ 209 വീടുകളും പണിയുന്നതിന് മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ധനസഹായം ലൽകി. 1985-86 മുതൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് മൽസ്യ ഫെഡാണ്.

(ബി) 1984-85 ഉംപ്പെടേയുള്ള മുൻ വർഷങ്ങളിൽ നൽകിയ വായ്പ വിനിയോഗിച്ച് 1984-85-ൽ 1098 വീടുകളുടെയും 1985-86-ൽ 411 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി.

(സി) വാർഷികലക്ഷ്യം നിശ്ചയിച്ചിരുന്നില്ല. ഓരോ ഘട്ടത്തിലും പതിനായിരം വീടുകളും വീതം നിർമ്മിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഒന്നും രണ്ടും ഘട്ടങ്ങളിലായി 16,731 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വെള്ളപ്പൊക്കക്കെടുതിക്കിരയായ ഉംനാടൻ മൽസ്യത്തൊഴിലാളികൾക്കുള്ള സഹായം

408. [593] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷമുണ്ടായ വെള്ളപ്പൊക്കക്കെടുതിക്കിരയായ കേരളത്തിലെ ഉംനാടൻ മൽസ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുക മൽസ്യ തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് പായ് നെയ്ത്ത്, വല നെയ്ത്ത് എന്നിവയ്ക്കാവശ്യമായ തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക തുടങ്ങിയ ധനസഹായ പദ്ധതികൾ ഉംനാടൻ മേഖലയിലെ വെള്ളപ്പൊക്കത്തിനിരയായ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്നു.

തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾ

409. [594] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭം മൂലം എത്ര മൽസ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടു ;

(ബി) തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്തു നഷ്ടപരിഹാരമാണ് നൽകിയത് ?

ഉത്തരം

(എ) 10,545 പേർക്ക് തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടു.

(ബി) തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പകരം ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly